കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം/ പി8/1187/20-21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 06/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം/പ്8/1187/20-21 തീയ്യതി: 06/10/2021

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എൻ.രാധാകൃഷ്ണൻ	ഡെപ്യൂട്ടി ഡയറക്ടർ ഹ.ഗ്രേ	27-08-2021	10-09-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-08-2021	10-09-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ സി.ആർ, ഓഡിറ്റ ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ആൽബിൻ സിറിയക്, ഓഡിറ്റർ
ശ്രീമതി.ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുജാത സുമൻ	പ്രസിഡന്റ്	01-04-2020	10-11-2020
ശ്രീ.റ്റി.കെ.വാസുദേവൻ നായർ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീമതി രതി നായർ	സെക്രട്ടറി	01-04-2020	09-06-2020
ശ്രീ,മാത്യു ഡാനിയേൽ	സെക്രട്ടറി	11-06-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിന്ധു എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി മീഡിയ റാണി	അസി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ.അജോ.ജോസഫ്	വെറ്റിനറി സർജൻ	01-04-2020	19-02-2021
ശ്രീമതി വിദ്യാദേവി കെ.ആർ	വെറ്റിനറി സർജൻ	24-02-2021	31-03-2021
ശ്രീ.അരുൺകുമാർ ജി.	കൃഷി ഓഫീസർ	01-04-2020	06-01-2021
ശ്രീ.ശ്രുതിരാജ് ആർ	കൃഷി ഓഫീസർ	07-01-2021	31-03-2021
ഡോ.നിഷ മോഹൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	31-03-2021
ഡോ.മഞ്ജു സി.ബി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2020	16-11-2020
ഡോ.വിവേക് മാത്യു	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	16-11-2020	09-02-2021
ഡോ.മീന ഇന്ദുചൂഡൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	09-02-2021	31-03-2021
ഡോ.സ്മിത ജി.പണിക്കർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	31-03-2021
ശ്രീമതി കവിത ഇ.വി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-10-2020
ശ്രീമതി വീണ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	04-11-2020	27-01-2021

ശ്രീമതി ബിന്ദുറാണി എം.	എെ.സി.ഡി.എസ്. സൂപ്പർവൈസർ	27-01-2021	31-03-2021
ശ്രീ.രാജേഷ് ഇ.ആർ	വി.ഇ.ഒ	01-04-2020	07-10-2020
ശ്രീ.പ്രിൻഷാദ് പി.വൈ.	വി.ഇ.ഒ	08-10-2020	31-03-2021
ശ്രീമതി സരളമ്മ പി.ടി.	ഹെഡ്മിസ്ട്രസ്	01-04-2020	13-08-2020
ശ്രീമതി രമാദേവി എൻ.ടി.	ഹെഡ്മിസ്ട്രസ്	14-08-2020	31-03-2021
ശ്രീമതി കൃഷ്ണ എസ്.	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഒാഫീസർ	01-04-2020	31-03-2021
ശ്രീ.പ്രദീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021

11.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	വാർഷിക പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	തൊഴിൽ നികുതി--അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല	1-11
12	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12
13	വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല	1-13
14	ലേലം- 26712 രൂപ ഈടാക്കാൻ അവശേഷിക്കുന്നു	1-14
15	ഡിമാന്റ് ചെയ്തിരിയ്ക്കുന്ന എല്ലാ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല	1-15
16	അസി.സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ	1-16
17	വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.	1-17
18	മരുന്ന് വാങ്ങൽ- പൂർണ്ണമായി ലഭ്യമായില്ല.	1-18
19	വിവിധ ക്ഷേമപെൻഷനുകൾ--അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.	1-19
20	പാലിയേറ്റീവ് കെയർ നേഴ്സിന് ഇൻസെന്റീവ് വികസനഫണ്ടിൽ നിന്നും അനുവദിച്ചു	1-20
21	ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ-മോണിറ്ററിംഗ് നടക്കുന്നില്ല	1-21
22	ഉറവിട മാലിന്യസംസ്ക്കരണ ഉപാധികളുടെ വിതരണം-വിതരണ വിവരങ്ങൾ ലഭ്യമല്ല	1-22
23	ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തിയാകുവാൻ അവശേഷിക്കുന്നു.	1-23
24	സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് തുക നൽകിയിരിക്കുന്നു.	1-24
25	കടിവെള്ള വിതരണം- വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല	1-25
26	ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന- രേഖകൾ ഹാജരാക്കിയിട്ടില്ല	1-26
27	തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല	1-27
28	സി.എഫ്.എൽ.ടി.സി/സി.സി.സി ചെലവുകൾ- അവലോകനം	1-28
29	ടെൻഡർ വ്യതിയാനം-ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല	1-29

30	ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല	1-30
31	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-31
32	ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല	1-32
33	സാക്ഷരതാ കേന്ദ്രങ്ങളുടെ പരീക്ഷ ഫീസ് അടവാക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ടെൻഡർ വ്യതിയാനം-ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല	3-1
2	ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല	3-2
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	3796918	18711376
വരവ്	152610100	72713944
ആകെ	156407018	91425320
ചെലവ്	154270200	72028799
നീക്കിയിരിപ്പ്	2136818	19396521

1-2 വാർഷിക ധനകാര്യ പത്രിക

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 139500919/- രൂപയും ചെലവ് 153752122/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 14251203/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 52601059.60/- രൂപയും ബാധ്യതകളുടെ മൂല്യം 52330775.60/- രൂപയും ജനറൽ ഫണ്ട് 2,70,284/- രൂപയുമാണ്. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ.(പി)152/2011 തസ്വഭവ തീ.26.2.2011ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

2.വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3.തൻവർഷ കുടിശ്ശിക തുകകൾക്കായി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.Unemployment Allowance ഇനത്തിൽ നൽകിയിട്ടുള്ള 17040 രൂപ റസീപ്റ്റ്&പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

5.I-18 ഷെഡ്യൂളിൽ Prior Period ആയി ക്രമീകരിച്ച 1,22,616 രൂപയുടെ വിശദാംശങ്ങൾ വ്യക്തമല്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	18711376
ഓഡിറ്റ് വർഷത്തെ വരവ്	72713944
ആകെ	91425320
ഓഡിറ്റ് വർഷത്തെ ചെലവ്	72028799
നീക്കിയിരിപ്പ്	19396521
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	112437
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1297175

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	15994700	15994700	15744700	250000
വികസനഫണ്ട് എസ്.സി.പി.	0	6993000	6993000	5849307	1143693
വികസനഫണ്ട് ടി.എസ്.പി.	0	107000	107000	107000	0
സംരക്ഷണഗ്രാന്റ് റോഡ്	0	9602000	9602000	9602000	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4240670	4240670	4240670	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	0	5830000	5830000	1135955	4694045
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്	0	9534148	9534148	6694197	2839951
(ഐ.സി.ഡി.എസ്)	1390168	778143	2168311	1486847	681464
ശുചിത്വമിഷൻ ഗ്രാന്റ്	211403	2593911	2805314	1404500	1400814
എം.ജി എൻ.ആർ.ഇ.ജി.എസ്	148511	22082944	22231455	22135395	96060

1.ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടാത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് ഫണ്ട് (ജനറൽ),എസ്.സി.പി, ടി.എസ്.പി ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷിക പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
257	105748530	197	51914605	60	76.65

2020-21 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/20/DPC/DPO/KTM തീയതി 26.02.2021 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 13.11.19 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 08.12.19,09.12.19,11.12.19,12.12.19,14.12.19,15.12.19,17.12.19 തീയതികളിലും വികസനസെമിനാർ 04.03.20 തീയതികളിലും കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷിഓഫീസർ	11	11	3397021	2262715	66.6
വെറ്ററിനറിസർജൻ	7	3	1736600	169972	9.78
മെഡിക്കൽ ഓഫീസർ(പി.എച്ച്. സി)	5	4	2025000	1521789	75.15
മെഡിക്കൽ ഓഫീസർഹോമിയോ	1	1	150000	150000	100
ഫിഷറീസ് സബ് ഇൻസ്പെക്ടർ	4	3	2151000	439252	20.42
വി.ഇ.ഒ	23	18	46576133	11387186	24.45
എെ.സി.ഡി.എസ് സൂപ്പർവൈസർ	11	5	5744095	4431714	77.15
സെക്രട്ടറി	35	23	8735593	5409386	61.92
ഹെഡ് മാസ്റ്റർ	4	4	827000	826700	99.96
അസിസ്റ്റന്റ് എഞ്ചിനീയർ	143	115	31082150	22785673	73.30
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1600000	1200000	75
അസിസ്റ്റന്റ് സെക്രട്ടറി	12	9	1723938	1330218	77.16
ആകെ	257	197	105748530	51914605	49.09

വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വി.ഇ.ഒ എന്നിവരുടെ പദ്ധതി ചെലവ് താരതമ്യേന കുറവായിരുന്നു. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതണ്.

വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയതുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
വികസന ഫണ്ട്	19425575	15744700	81
പി എസ് സി പി	8294272	5849307	70.52
വി.ടി.എസ്.പി	121666	107000	87.94
സി എഫ് സി	14097264	7830152	55.54
കേന്ദ്രാവിഷ്കൃത ഫണ്ട്	4202151	2713347	64.57
സംസ്ഥാനാവിഷ്കൃത ഫണ്ട്	6293090	0	0
തനത് ഫണ്ട്	7795807	4083689	52.38
ബ്ലോക്ക് ഷെയർ	5127263	1222315	23.84
ജില്ലാ പഞ്ചായത്ത്	7275000	500000	6.87
മെയിൻ റോഡ്	12160283	9602000	78.96
നോൺ റോഡ്	5081670	4240670	83.45

മറ്റുള്ളവ	16474489	21425	.13
ആകെ	105748530	51914605	49.09

സംസ്ഥാന വിഹിതം, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ,മറ്റിനങ്ങൾ എന്നിവയിൽ വലിയ തുക വകയിരുത്തിയെങ്കിലും അതിനനുസരിച്ച് തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാൽ ചെലവ് ശതമാനം കുറവായി.

വിവിധ ഗ്രാന്റിനങ്ങളിലായി രൂപ ലാപ്സായി.

ഫണ്ടിനം	ആകെവരവ്	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	15994700	15744700	250000
വികസന ഫണ്ട്-എസ്.സി.പി	6993000	5849307	1143693
വികസന ഫണ്ട്-ടി.എസ്.പി	107000	107000	0
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	9602000	9602000	0
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	4240670	4240670	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	15364148	7830152	7533996
ആകെ	52301518	43373829	8927689

ഗ്രാമപഞ്ചായത്തിന്റ വിവിധമേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതണ്.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 460 പ്രോജക്കുകളിൽ 460 എണ്ണം തൻവർഷം നടപ്പിലാക്കി. 59916 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1745 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 255 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ആട്ടിൻകൂട് നിർമ്മാണം, വൃക്ഷതൈ വച്ചു പിടിപ്പക്കൽ, മഴക്കുഴി നിർമ്മാണം, നഴ്സറി നിർമ്മാണം, കുളം നവീകരണം എന്നിങ്ങനെയുള്ള പ്രോജക്കുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്			148511
വരവ്	ഇ.എഫ്.എം.എസ് വരവ്	21216447	
	ക്യാഷ് വരവ്	866496	
ആകെ വരവ്			22231455
ചെലവ്	തൊഴിലാളികളുടെ വേതനം	17670658	

	വിദഗ്ധ തൊഴിലാളികളുടെ വേതനം	532465	
	ഉപകരണങ്ങളുടെ വില, വാടക	3013324	
	ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ)	918947	
ആകെ ചെലവ്			22135394
നീക്കിയിരിപ്പ്			960960

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	17040	26
കർഷകതൊഴിലാളി പെൻഷൻ	6759000	479
വിധവാപെൻഷൻ	13299300	912
വാർദ്ധക്യകാലപെൻഷൻ	34874800	2760
വികലാംഗപെൻഷൻ	4296800	297
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	806700	60

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2021 3.30 പി.എം.ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,589/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് തെളിവായി പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലികൾ വിഭജിച്ച് നൽകുന്നുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ മറ്റിനം വരവുകൾ സംബന്ധിച്ച രജിസ്റ്റർ , ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ , വാടക രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല ആവർത്തന ചെലവുകളായ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്,

ഓഫീസ് വൈദ്യുത ചാർജ്, ടെലഫോൺ ചാർജ്, വാട്ടർ ചാർജ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	24.08.2021	12/2019 മുതൽ 08/2021 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.12.2019	2014-15 മുതൽ 2018-19 വരെ	LBA(HQ)-11/11/8A/110/2019/20 DT 03.01.2020

1-11 തൊഴിൽ നികുതി--അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം-3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും 2020-21 സാമ്പത്തികവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	ഈടാക്കി യതിൽ കുറവ്
ബാപ്പുജി സെൻട്രൽ സ്കൂൾ, പെരുവ	ശ്രീമതി. ബിന്ദു ആർ.നായർ,	54816	450x2 (2അർദ്ധ വർഷവും)	300x2	150x2=300
റ്റി.ഡി.ബി, കീഴൂർ സബ് ഗ്രൂപ്പ്	സി.എച്ച്.കൃഷ്ണ പ്രസാദ്,	76464	750 (ഒന്നാം അർദ്ധവർഷം)	600	150

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന തുക മേൽ ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും 2020-21 സാമ്പത്തികവർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) സരസ്വതി വിദ്യാമന്ദിർ, കാരിക്കോട്

2) ഐശ്വര്യ പാഡി പ്രോസസിംഗ്, ഡി ഡബ്ലിയു.ആർ.സി.യൂണീറ്റ്, മുളക്കുളം

3) വെൽഫയർ അഗ്രിക്കൾച്ചറൽ സൊസൈറ്റി, മുളക്കുളം സൗത്ത്

4) ബ്രൈറ്റ് പട്ടികജാതി വനിതാ വ്യവസായ കോഓപ്പറേറ്റീവ് സൊസൈറ്റി മുളക്കുളം, പെരുവ

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.16/09.09.21) മറുപടി ലഭ്യമാക്കിയില്ല

1-13 വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല

2020-21 വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളുടെ കുത്തകക്കാരിൽ നിന്ന് വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

ക്രമ നമ്പർ	റൂം നമ്പർ (വാടക രജിസ്റ്റർ പ്രകാരം)	കുത്തകക്കാരൻ	പ്രതി മാസ വാടക	ആകെ അടവാക്കേണ്ട തുക	അടച്ച തുക	കുടിശിക
1	VII/502	പി.സി കുട്ടപ്പൻ	547	6564	6017	547
2	VII/501	കുമാരി പ്രസാദ്	555	6660	3330	3330
3	VII/500	കുമാരി പ്രസാദ്	555	6660	3330	3330
4	VII/512	അനിൽ	2587	31044	23283	7761
5	VII/503	പി.പി.തോമസ്	547	6564	5470	1094
6	VII/499	പി.കർണ്ണരാജൻ	564	6768	5640	1128
7	VII/505	ബാബു.പി.എം	970	11640	9700	1940
8	VII/497	എം.എസ് മുഹമ്മദ്	563	6756	5630	1126
9	V/552	അനീഷ് പീറ്റർ	1923	23076	19230	3846
`10	VII/514	പി.പി നീലകണ്ഠൻ	1198	14376	11980	2396
11	VII/513	പി.പി നീലകണ്ഠൻ	6295	75540	62950	12590
12	V/547	കമലമ്മ	859	10308	8590	1718
13	V/548	ഇ.പി ജയപ്രകാശ്	859	10308	0	10308
14	V/549	ബെന്നി പോൾ	1710	20520	17100	3420
15	V/560	ജോർജ്ജ്.പി.പി	1584	19008	15840	3168
16	രേഖപ്പെടുത്തിയിട്ടില്ല	ചന്ദ്രദാസ് , ശാന്തി ഭവൻ		14640	12200	2440
ആകെ കുടിശ്ശിക						60142

കൂടാതെ 2020-21 വാർഷിക കണക്കുകൾ പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളത് 60930 രൂപയാണ്. അതായത് യഥാർത്ഥ വാടക കുടിശ്ശികയും വാർഷിക കണക്കു പ്രകാരം വാടകയിനത്തിൽ ലഭിക്കാനുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക സഹിതം പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-14 ലേലം- 26712 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചാത്തിലെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്തിന്റ ആസ്തികൾ ലേലം കൊണ്ട താഴെ പറയുന്ന കുത്തകക്കാർ ലേല തുക പൂർണ്ണമായി പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലയെന്ന് കാണുന്നു.

ക്രമ നമ്പർ	ഇനം	കുത്തകക്കാരൻ	ലേല തുക	അടച്ച തുക	കുടിശിക
1	ഒന്നാം നമ്പർ മാംസ സ്റ്റാൾ	ബിജു തോമസ്	75000	61000	14000
2	മത്സ്യ മാർക്കറ്റ് ലേലം	അനിൽ ജോസ്	43000	32838	9162
3	പൊതു ശൗചാലയത്തിലെ	ഗോപാലൻ മടത്താട്ട്	7050	3500	3550

	ഫീസ് പിരിവ്				
	ആകെ കുടിശിക			26712	

കൂടാതെ 2020-21 വാർഷിക കണക്കുകൾ പ്രകാരം ലേലം ഇനത്തിൽ ലഭിക്കാനുള്ളത് 24575 രൂപയാണ്. അതായത് യഥാർത്ഥ ലേല കുടിശികയും വാർഷിക കണക്കു പ്രകാരമുള്ള ലേല കുടിശികയും വ്യത്യാസപ്പെട്ടിരിക്കുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/10.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-15 ഡിമാന്റ് ചെയ്തിരിയ്ക്കുന്ന എല്ലാ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയസോഫ്ട്വെയർ മുഖേന പരിശോധിച്ചതിൽ 2020-21 സാമ്പത്തികവർഷം വസ്തുനികുതി ഈടാക്കാത്ത ധാരാളം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം./ കെട്ടിട നം.	ഉടമസ്ഥന്റെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1/80 ബി	അഭിലാഷ്, കൊച്ചുമാളിയേക്കൽ	പാർപ്പിടാവശ്യം
1/154	സുകുമാരൻ, വൈപ്പേൽ	,,
1/279	കൃഷ്ണകുമാർ ആർ. രാധാസ്	,,
6/464 സി	ഷാജി മാത്യു, ചെമ്മനംപാറയിൽ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ
6/539	സജിത്ത് സി.നായർ, അരിശേരിപുത്തൻപുര	,,
5/439	ജോൺ പാറയിൽ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ
7/654 ഡി 2	റജി ജയറാണി ആത്താനിക്കൽ	,,
16/288 ബി	മാനേജിംഗ് ഡയറക്ടർ, മരിയ പെട്രോളിയം പ്രോഡക്ട്സ്	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ
14/345 എ	ഇ.സി.ജോൺ, ആകാശാലയിൽ	,,
5/444 (1) മുതൽ (7) വരെ	ചന്ദ്രികാ പുഷ്ക്കരൻ, അരീനായിൽ	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽതറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ
5/889 ബി	കെ.കൈലാസ് നാഥ്, ലക്ഷ്മി നിവാസ്	,,
5/708	സെക്രട്ടറി, എൻ.എസ്.എസ്.കരയോഗം	ഓഫീസ് ആവശ്യത്തിനുള്ളവ

7/177	ബേബി പുത്തൂരാൻ, പുത്തൂർ പുതിയേടത്ത്	,,
1/430 എ	എ.പുഷ്ക്കരൻ, അരീക്കരയിൽ	വ്യവസായത്തിനുള്ളവ കൈത്തറി ഷെഡ്
13/108/A	കെ.പി.സുനിൽ, കൊല്ലംകാവിൽ	,,
16/293	വി.എം.ഡാനിയേൽ, പൊൻവാണിഭം	ഇതര വ്യവസായങ്ങൾക്കുള്ളവ
6/420	റെജി എബ്രഹാം, ചൂരക്കുഴിയിൽ	,,
7/684, 10/247 ബി	ജനറൽ മാനേജർ, ബി.എസ്.എൻ.എൽ.	മെബൈൽ ടവർ
10/412 എ	എറ്റിസി, ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ.ലിമി.	,,
12/256 Z	ഭാരത് എയർടെൽ ലിമി.	,,
12/325 എ	റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമി.	,,

മേൽ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/20-21/08.09.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് മാനദണ്ഡം നിലനിന്നിരുന്നതുമൂലം ക്യാമ്പ് കളക്ഷൻ നടത്താൻ സാധിക്കാതിരുന്നതിനാലാണ് എല്ലാ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ സാധിക്കാതിരുന്നതെന്നും 31.12.2021 വരെ പിഴപ്പലിശ കൂടാതെ നികുതി അടയ്ക്കുന്നതിന് സർക്കാർ ഉത്തരവ് ഉള്ളതിനാൽ ടി കാലയളവിൽ കുടിശ്ശിക നികുതി മുഴുവൻ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വസ്തുനികുതി ഡിമാന്റ് ചെയ്തിരിയ്ക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും നിയമാനുസൃതമായ നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഈടാക്കേണ്ടതാണ്.

1-16 അസി.സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

1) അഗതി രഹിതകേരളം- പ്രവർത്തനം മന്ദഗതിയിൽ.

പ്രോജക്ട് നമ്പർ -26/21

ചെലവ് -500000 (വികസനഫണ്ട്)

ബിൽ നമ്പർ 7/20-21 തീയതി 12.2.21

ആശ്രയ ആദ്യഘട്ട പ്രോജക്ടുകളിൽ അക്കൗണ്ടിൽ ബാലൻസുണ്ടായിരുന്ന (അക്കൗണ്ട് നമ്പർ 3419655645, സെൻട്രൽ ബാങ്ക് പെരുവ) 9,24,700/- രൂപ 30.7.19 ൽ അക്കൗണ്ട് ക്ളോസ് ചെയ്ത് അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പുതിയ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ 3722998438, സെൻട്രൽ ബാങ്ക് പെരുവ). തൻവർഷം വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക ഉൾപ്പെടെ നിലവിൽ (4.8.21 ൽ) 729912- രൂപ നിലവിൽ ടി അക്കൗണ്ടിൽ ബാലൻസുണ്ട്. പുതുക്കിയ പ്രോജക്ടിന് 2018-19 ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പുതിയ 175 കുടുംബങ്ങളെ ഉൾപ്പെടുത്തി 39,99,800/- രൂപ ചലഞ്ച് ഫണ്ടും 1,87,51,400/- രൂപ പ്ലാൻ ഫണ്ടും ഉൾപ്പെടെ ആകെ 2,57,89,600/- രൂപ അടങ്കലായുള്ള മേൽ പ്രോജക്ട് 22.12.18-ൽ ചേർന്ന ഭരണസമിതിയുടെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. 19-20, 20-21 വർഷങ്ങളിലായി 13 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് 50000 രൂപ വീതം നൽകിയിട്ടുണ്ട്. ആയതിൽ റെയ്ച്ചമ്മ ബാബു, സെലിൻ മണിയംകണ്ടത്തിൽ എന്നീ ഗുണഭോക്താക്കൾ 25000 രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ട് നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. കൂടുതൽ ഗുണഭോക്താക്കൾക്ക് വികസനഫണ്ട് വിഹിതത്തിന്റെ ആനുകൂല്യം നൽകുന്ന രീതിയിലേക്ക് പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ.3/2020-21/07.09.2021) നൽകിയ മറുപടിയിൽ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2) ലാപ് ടോപ്പ് വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രോജക്ട് നമ്പർ	29/21

ചെലവ്, ഫണ്ടിനം	30000, (വികസനഫണ്ട്)
ബിൽ നമ്പർ, തീയതി	10/20-21, 19.3.21

പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ആദർശ് എ.എസ് , കോക്കാട്ടുപറമ്പിൽ (വാർഡ് 1) എന്ന വിദ്യാർത്ഥിക്ക് ഐ.ടി ഗാലറി കമ്പ്യൂട്ടേഴ്സ് , പെരുവ എന്ന സ്ഥാപനത്തിൽ നിന്ന് 30000 രൂപ വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.20 ലെ ഡിഎ 1/363/2019 നമ്പർ സർക്കുലർ പ്രകാരം സി.പി.ആർ.സി.എസ് പോർട്ടലിൽ ലാപ് ടോപ്പ് ലഭ്യമല്ലാതെ വന്നാൽ മാത്രമെ ക്വട്ടേഷൻ / ടെണ്ടർ മുഖേന വാങ്ങാവു എന്ന് പരാമർശിച്ചിട്ടുണ്ട് .

സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് ലാപ് ടോപ്പുകൾ ലഭിക്കാൻ ഒരുപാട് കാലതാമസം നേരിടുന്നുണ്ടെന്നും അതിനാൽ ഓൺലൈൻ ക്ളാസ് സൗകര്യം വിദ്യാർത്ഥിക്ക് അടിയന്തിരമായി ഒരുക്കേണ്ടി വന്നതിനാലാണ് ക്വോട്ടേഷൻ ക്ഷണിച്ച് പ്രോജക്ട് നിർവ്വഹിച്ചതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/07.09.2021) ലഭിച്ച മറുപടി. പർച്ചേസുകളിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-17 വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.

2020-21 ൽ വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പേവിഷ നിർമ്മാർജ്ജനം- അപാകതകൾ.

പ്രോജക്ട് നമ്പർ	66/21
ചെലവ്	29683,തനത് ഫണ്ട്
ചെക്ക് നമ്പർ, തീയതി	2484192/24.2.21
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

25.1.21 , 27.1.21, 28.1.21 തീയതികളിൽ നടന്ന പേവിഷ നിർമ്മാർജ്ജന ക്യാമ്പിൽ 360 നായകൾക്ക് കുത്തിവെപ്പ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മരുന്ന് വാങ്ങിയതിന് സ്വാന്തനം കമ്മ്യൂണിറ്റി ഫാർമസിക്ക് 22373 രൂപ നൽകിയിട്ടുണ്ട്. വിവിധ കണ്ടിജന്റ് ചെലവുകളുടെ തുകയായ7310 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ അജോ ജോസഫിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 67010794094) നൽകിയിട്ടുണ്ട്. ഓഫീസ് രജിസ്റ്റർ വാങ്ങിയതിന്റെയും, ഫ്ളെക്സ്, വാക്സിനേഷൻ സർട്ടിഫിക്കറ്റ് , നോട്ടീസ് എന്നിവ അടിച്ചതിന്റെ തുക 3710 രൂപയും ടാക്സി ഓടിയതിന്റെ 3600 രൂപയും ഉൾപ്പെട്ട തുകയാണ് നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് നൽകിയത്. പർച്ചേസ് നടത്തിയത് ജി.എസ്.ടി രജിസ്ട്രേഷനുള്ള കടകളിൽ നിന്നല്ല. ടാക്സി ഓടിയതിന്റെ 3600 രൂപയുടെ വൗച്ചർ ഒരു വെള്ളപേപ്പറിൽ എഴുതിയ രേഖ മാത്രമാണ്. ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ5/07.09.2021) മറുപടി ലഭ്യമായില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും ചെലവ് തുകകൾ അതാത് വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകാൻ ശ്രമിക്കേണ്ടതുമാണ്.

2) മരുന്ന് വാങ്ങൽ- രജിസ്റ്റർ എൻട്രി പൂർണ്ണമല്ല.

പ്രോജക്ട് നമ്പർ	56/21
ചെലവ്	90000 , തനത് ഫണ്ട്
ചെക്ക് നമ്പർ, തീയതി	2484133/28.10.20
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

മേൽ പ്രോജക്ടിനായി മരുന്ന് വാങ്ങിയതിന് സ്വാന്തനം കമ്മ്യൂണിറ്റി ഫാർമസിക്ക് 90000 രൂപ നൽകിയിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുമുണ്ട്. എന്നാൽ രജിസ്റ്റർ പേജ് നമ്പർ 92 ൽ Diavet-MF Bolus 100 എണ്ണം വാങ്ങിയത് (3750 രൂപ) സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഇഷ്യു രേഖപ്പെടുത്താതെ സ്റ്റോക്ക് ബാലൻസ് ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഫാർമസിയുടെ മെയിൻ സ്റ്റോക്കിലേക്ക് മാറ്റിയപ്പോൾ ഇഷ്യു രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ നേരിൽ നൽകിയ വിശദീകരണം. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

1-18 മരുന്ന് വാങ്ങൽ- പൂർണ്ണമായി ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ	22/21
ചെലവ്	557013
ബിൽ നമ്പർ, തീയതി	33/20-21, 24.3.21
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റിന് ആയുർധാരയിൽ ഡെപ്പോസിറ്റ് ചെയ്ത 257013 രൂപയുടെ മരുന്നും ലഭ്യമായി. ഔഷധിയിൽ 300000 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തത് . വിവിധ ഇൻവോയിസുകൾ പ്രകാരം 251025 രൂപയുടെ മരുന്ന് ലഭ്യമായി. 48975 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്ന ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 48975 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വിവിധ ക്ഷേമപെൻഷനുകൾ--അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാപെൻഷൻ. 40-45 ദിവസ സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് പെൻഷൻ അനുവദിയ്ക്കേണ്ടതാണെന്ന് ജി.ഒ.(പി.)നം.105/2002/Lsgd തീയതി 25.06.2002 സർക്കാർ ഉത്തരവിലൂടെ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മുളക്കുളം ഗ്രാമപഞ്ചായത്തിലെ ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെൻഷൻ അനുവദിച്ചു നൽകുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

ഗുണഭോക്താവിന്റെ പേര്	പെൻഷൻ രജിസ്റ്റർ പേജ് നം./ സീരിയൽ നം.	അപേക്ഷ ലഭിച്ച തീയതി	പെൻഷൻ അനുവദിച്ച തീയതി
ശശിധരൻ, മലയപ്പറമ്പിൽ	18/205	28.09.2020	27.01.2021
കുട്ടപ്പൻ, തൂണിൽ, പൂഴിക്കോൽ	18/206	28.09.2020	27.01.2021
തോമസ് പാറപ്പുറത്ത്	20/221	05.10.2020	27.01.2021
മോളി ജയിംസ്, മേങ്ങാട്	26/260	09.11.2020	06.05.2021
ലീല വട്ടനിരപ്പേൽ, പെരുവ	44/348	25.01.2021	06.05.2021
പൗലോസ് പി.വി., പഴയിടത്ത്	46/361	28.01.2021	07.06.2021
പൊന്നപ്പൻ സി.വി., ചാമക്കാലായിൽ, പെരുവ	58/412	15.02.21	07.06.2021
കർഷക തൊഴിലാളി പെൻഷൻ			
സുലത, ചെന്താറ്റിൽ, അറുന്നൂറ്റിമംഗലം	12/19	12.09.2020	18.02.2021
മേരി കുര്യൻ, ഇരൺതൂക്കിൽ, കാരിക്കോട്	10/16	09.06.2020	രേഖപ്പെടുത്തിയിട്ടില്ല

വികലാംഗപെൻഷൻ			
റിമി സെബാസ്റ്റ്യൻ, ചെഞ്ചേരിൽ, കീഴൂർ	14/9	03.08.2020	18.02.2020
ആഷ ജോഷി, മുളക്കുളം	14/10	22.10.2020	27.01.2021
വിധവാ പെൻഷൻ			
ഗ്രേസി ജോസഫ്, വരിയനാനിയിൽ, കാരിക്കോട്	28/36	03.02.2020	15.05.2020
ബിന്ദു തങ്കപ്പൻ, ലക്ഷംവീട്, പൂഴിക്കോൽ	30/44	16.03.2020	03.08.2020
പ്രിയ കെ.ജി, ചന്ദ്രപ്പറമ്പിൽ, കീഴൂർ	38/45	16.01.2021	19.05.2021
50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ			
മേരി വി.ഒ, വെണ്ണമറ്റം, മുളക്കുളം	4/4	19.01.2021	19.05.2021
ഫിലോമിന വി.എൻ, പതിപ്പറമ്പിൽ, കീഴൂർ	4/5	20.01.2021	19.05.2021

ഓഡിറ്റ് എൻക്വയറി നം.21/20-21/10.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ 11/2020 ന് പഴയ ഭരണസമിതി ഭരണം അവസാനിയ്ക്കുകയും പുതിയ ഭരണസമിതി നിലവിൽ വന്നത് 01/2021 ന് ആയിരുന്നെന്നും ഈ സമയമാണ് അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടായതെന്നുമാണ് മറുപടി നൽകിയത്.
ക്ഷേമപെൻഷനുകളുടെ അപേക്ഷ തീർപ്പാക്കുന്നതിനുള്ള പരമാവധി കാലയളവ് 40-45 ദിവസം എന്നുള്ള വ്യവസ്ഥ കൃത്യമായി പാലിച്ച് പെൻഷൻ അപേക്ഷകൾ തീർപ്പാക്കി നൽകേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ നേഴ്സിന് ഇൻസെന്റീവ് വികസനഫണ്ടിൽ നിന്നും അനുവദിച്ചു

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സമാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്ക്കർഷിച്ചിരുന്നു.പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി(പ്രോജക്ട് നം.39/21) പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി.സജിതാമ്മയ്ക്ക് 2020 മാർച്ച് മാസം മുതൽ 2021 മാർച്ച് മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 13000 രൂപ വികസനഫണ്ട്(ജനറൽ)ൽ നിന്നും താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്.

ബിൽ നം.	ബില്ലിൽ നിന്നും ഇൻസെന്റീവ് ഇനത്തിൽ നൽകിയ തുക
11/20-21/09.11.20	8000
12/20-21/08.12.20	1000
13/20-21/11.01.21	1000

14/20-21/19.02.21	1000
15/20-21/03.03.21	1000
17/20-21/22.03.21	1000
ആകെ	**13000**

ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതലുള്ള മാസങ്ങളിൽ തനത് ഫണ്ടിൽ നിന്ന് നൽകാതെ വികസനഫണ്ടിൽ നിന്ന് തന്നെ ഇൻസെൻറീവ് നൽകിയതിനും 1000 രൂപ അധികം നൽകിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1/02.09.21) വികസനഫണ്ടിൽ നിന്നും ഇൻസെൻറീവായി നൽകിയ 7000 രൂപ തനത്ഫണ്ടിൽ നിന്നും കിട്ടുന്നതനുസരിച്ച് തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും നൽകിയ 6000 രൂപ തനത്ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്യേണ്ടതും അധികം നൽകിയ 1000 രൂപ തിരികെ ഈടാക്കി വികസനഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

<u>പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി സമയബന്ധിതമായി ചേരുന്നില്ല.</u>

സ.ഉ (സാധാ)നം.553/2019/തസ്വഭവ തീ.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണെന്നും പാലിയേറ്റീവ് പ്രവർത്തനങ്ങൾ പി.എം.സി വിലയിരുത്തി പരിഹാര നടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മാനേജ്മെൻറ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ03.10.2019 ന് ശേഷം കമ്മിറ്റി കൂടിയതായി കാണുന്നില്ല.സമയബന്ധിതമായി പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി ചേരാത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. നം.1(Ii)/02.09.21) കോവിഡ് സാഹചര്യമായതിനാലാണ് പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റികൾ നടത്താൻ കഴിയാതെ വന്നതെന്നും ഇനിമുതൽ കൃത്യമായി ചേരുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.സമയബന്ധിതമായി പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റികൾ ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>1-21 ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ-മോണിറ്ററിംഗ് നടക്കുന്നില്ല</u>.

പ്രോജക്ട് നമ്പർ 47/21 പ്രകാരം (ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ)- ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് (അർച്ചന വിമൺസ് സെൻറർ) ഏറ്റുമാനൂർ എന്ന സ്ഥാപനത്തിന് ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്നും 130000 രൂപ(ബിൽ നം.27/20-21/27.03.21) നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ (03.07.2019) പ്രകാരം ജലാശയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്, മലിനീകരണം തടയുന്നതിനുള്ള കർമ്മ പരിപാടി, വിദഗ്ദർ, ടെക്നീഷ്യൻ എന്നിവരുടെ സേവനം എല്ലാ മാസവും ലഭ്യമാക്കൽ, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നൽകൽ തുടങ്ങിയ സേവനങ്ങൾ സ്ഥാപനം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള മുഴുവൻ സേവനങ്ങളും സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്യേണ്ടതും ആയതിൻറ അടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകേണ്ടതുമാണ്.

<u>1-22 ഉറവിട മാലിന്യസംസ്ക്കരണ ഉപാധികളുടെ വിതരണം-വിതരണ വിവരങ്ങൾ ലഭ്യമല്ല</u>.

പ്രോജക്ട് നം.	41/21
ചെലവ്	205000
ഫണ്ടിനം	ധനകാര്യകമ്മീഷൻ ഗ്രാൻറ്-123000 കേന്ദ്രാവിഷ്കൃത ഫണ്ട്-61500 ഗുണഭോക്തൃ വിഹിതം-20500
ബിൽ നം.	123000-31/20-21/27.03.21 61500-ചെക്ക് നം.2484184/17.2.21

	20500-ചെക്ക് നം.241684/30.03.21
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ

മേൽ പ്രോജക്ട് നടത്തിപ്പിനായി 500 കിച്ചൺ ബിൻ യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനായി ഒരു യൂണിറ്റിന് 410 രൂപ നിരക്കിൽ ആകെ 205000 രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. എന്നാൽ ബിന്നുകൾ വിതരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/08.09.21)കിച്ചൺ ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളതാണെന്നും ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ശേഖരിച്ച് വരുന്നതേയുള്ളുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാകുന്നതുവരെ ചെലവഴിച്ച 205000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തിയാകുവാൻ അവശേഷിക്കുന്നു.

ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) പ്രോജക്ട് (നം. 40/21) പ്രകാരം 56 ഗുണഭോക്തക്കളും ലൈഫ് മിഷൻ ഭവന നിർമ്മാണം (പട്ടികജാതി) പ്രോജക്ട് (നം.53/21) പ്രകാരം 10 ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിന് കരാർവെച്ചിരുന്നു.

ഇതിൽ താഴെ പറയുന്ന് ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ജനറൽ വിഭാഗം

1.രാധാമണി ,കൊച്ചുവളപ്പിൽ
2.ലീല മാത്യു, ചന്ദ്രവേലിൽ
3.രാധാമണി, പുറ്റിനായിൽ
4.സാറാമ്മ രാജു, കുറ്റിക്കേരിൽ

പട്ടികജാതി വിഭാഗം

1.സുരേഷ്.പി.റ്റി,&സുജാത സുരേഷ്, പല്ലാട്ടുതടം
2.ഷൈല സോമൻ,തേക്കുവനത്തിൽ
3.രാജി രാജേഷ്,കൊച്ചുമാളിയേക്കൽ
4.സതി, പേപ്പതിയിൽ
5.രഞ്ജു ഷാമോൻ,വെള്ളാരംകാലായിൽ
6.ശാന്തമണി,ചന്ദ്രവേലിൽ
7.ജയന്തി ശിവദാസ് ,കാരക്കുന്നത്ത്
8.തങ്കമ്മ ശ്രീധരൻ,കേളപ്പനാൽ

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് തുക നൽകിയിരിക്കുന്നു.

14.02.2018 തീയതിയിലെ സ.ഉ(കൈ)22/2018/തസ്വഭവ നമ്പർ ഉത്തരവിലെ (പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ മാർഗ്ഗ രേഖ) ഖണ്ഡിക 6.6.3 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും അറ്റകുറ്റപണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് തന്നെയാണ്.50000 രൂപയിൽ അധികരിച്ചു വരുന്ന അറ്റകുറ്റ പണികൾ മാത്രമാണ് തദ്ദേശ്ശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടത്. എന്നാൽ 02.06.20 തീയതിയിലെ നമ്പർ 22000161 വൗച്ചർ പ്രകാരം 9500 രൂപ ചെല്ലാനിരപ്പ് കുടിവെള്ള പദ്ധതിയുടെ മോട്ടർ റിപ്പയർ ചെയ്യുന്നതിനായി ചെല്ലാനിരപ്പ് കുടിവെള്ള പദ്ധതി കൺവീനർക്ക് കൈമാറിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/08.09.21)മറുപടി ലഭ്യമാക്കിയിക്കില്ല. ആയതിനാൽ 9500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് തുക ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-25 കടിവെള്ള വിതരണം- വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല

മേവള്ളൂർ വാട്ടർ ട്രീറ്റ്മെൻ്റ് പ്ലാൻ്റിൽ നിന്ന് കുടിവെള്ളം എടുത്ത് വരൾച്ച ദുരിതമനുഭവിക്കുന്ന പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിതരണം ചെയ്യതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 11.03.20 തീയതി യിലെ 5/1 നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം കുടിവെള്ള വിതരണത്തിനായി ഷിബു ജോൺ എന്ന വ്യക്തിയെ തെരഞ്ഞെടുക്കുകയും 01.04.20 തീയതി മുതൽ 31.05.20 തീയതി വരെ ഗ്രാമ പഞ്ചായത്തിലെ വാർഡുകളില് കടിവെള്ളം വിതരണം ചെയ്യതിന് 152808 രൂപ ഷിബു ജോണിന് (03.09.20തീയതിയിലെ 22000454നമ്പർ വൗച്ചർ പ്രകാരം) നൽകുകയും ചെയ്യിട്ടുണ്ട്. തദ്ദേശ്ശ സ്വയം ഭരണ വകുപ്പിന്റെ 27.02.20 തീയതിയിലെ 494/2020/LSGD നം ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യാനുപയേഗിക്കുന്ന വാഹനത്തിന്റെ ജി.പി.എസ് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തമ്മിൽ ക്രോസ് ചെയ്ത് സുതാര്യത ഉറപ്പു വരുത്തിയതിന് ശേഷം മാത്രം സെക്രട്ടറി ചെലവു തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ വാഹനത്തിന്റെ ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/08.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും പരിശോധനക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന- രേഖകൾ ഹാജരാക്കിയിട്ടില്ല

21.05.2020 ലെ 22000123 നമ്പർ വൗച്ചർ പ്രകാരം 5,00,000 രൂപ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയതായി ബില്ല് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വൗച്ചർ, അടവു വിവരങ്ങൾ, രസീത് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/08.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-27 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ വിവിധ വൗച്ചറുകളിലായി 2019-20 സാമ്പത്തിക വർഷത്തിൽ 977,945 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 999,735/- രൂപയും ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി തെരുവ് വിളക്കുകളുടെ എണ്ണം. ഇനം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്ന രീതിയാണ് നിലവിൽ തുടർന്നുവരുന്നത്. തുക അടവാക്കുന്നതിനോടൊപ്പം തെരുവ് വിളക്കുകളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഓരോ ഇനത്തിലും ചെലവഴിക്കപ്പെടുന്ന പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പു വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തെരുവ് വിളക്കുകളുടെ പ്രവർത്തന ക്ഷമത ഉറപ്പു വരുത്തുന്നതിനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14) ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തയ്യാറാക്കിയ സർവെ ലിസ്റ്റിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനായി വൈദ്യുതി ബോർഡുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-28 സി.എഫ്.എൽ.ടി.സി/സി.സി.സി ചെലവുകൾ- അവലോകനം

കോവിഡ് രോഗ വ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് രോഗികൾക്ക് ചികിൽസയും പരിചരണവും ലഭ്യമാക്കുന്നതിനായും മുളക്കുളം ഗ്രാമ പഞ്ചായത്തിൽ 2020 മെയ് മാസം മുതൽ ഒരു കോവിഡ് കെയർ സെന്ററും (പ്രശാന്തം സി.സി.സി) 2020 ജൂലൈ മാസം മുതൽ മൂർക്കാട്ടുപടി ഗവ.ഐ.ടി.ഐ യിൽ ഒരു കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് 230800114- Expenses Related To Pandemic/ Epidemic Control എന്ന ശീർഷകത്തിൽ നിന്ന് 46,19,239 രൂപയും 256100114- Grands/Funds For Epidemic Control- Revenue Expenses എന്ന ശീർഷകത്തിൽ നിന്ന് 7,48,287 രൂപയും ഉൾപ്പെടെ 53,67,526 രൂപ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

സെന്ററുകളിലേക്ക് കൊവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങൽ, സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണ ചെലവ്, ക്ലീനിംഗ് ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്. ഇതിൽ 2348024 രൂപ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

31.03.21 വരെ സി.സി.സി, സി.എഫ്.എൽ.ടി.സി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെയും,ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

ഇനം	ചെലവഴിച്ച തുക	ഡി.ഡി.എം.എ യിൽ നിന്ന് തിരികെ ലഭിച്ച തുക
സി.എഫ്.എൽ.ടി.സി	4500803	1786262
സി.സി.സി	866723	561762
ആകെ	5367526	2348024

1-29 ടെൻഡർ വ്യതിയാനം-ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല.

പ്രൊജക്റ്റ് നമ്പർ -SO 84/21 – ചളുവേലി ആര്യപ്പള്ളി റോഡ് സൈഡ് കെട്ട്, ഐറിഷ് ഡ്രെയിൻ നിർമ്മാണം

എം ബുക്ക് നം : 29/2021

ബിൽ നം . 75/30.01.2021 (മെ . ഗ്രാന്റ് -റോഡ്)

ടി പ്രവൃത്തി എസ്റ്റിമേറ്റിലും 13.02 % കുറഞ്ഞ നിരക്കിൽ ചെയ്യുന്നതിനാണ് കരാർ എടുത്തിരുന്ന കരാറുകാരനായ കെ കെ ശ്രീധരൻ നായർ ടെൻഡർ നൽകിയിരുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെൻഡർ കുറവ് ബില്ലിൽ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ താഴെ ചേർക്കുന്ന തുക അധികം നൽകിയതായി കാണുന്നു.

ആകെ പ്രവൃത്തി മൂല്യം	156131.12
കരാറുകാരന് നൽകിയത് (ടെൻഡർ ബിലോ കുറയ്ക്കാതെ)	168607 /-
കരാറുകാരന് അർഹമായ തുക (13.02 % ടെൻഡർ ബിലോ കുറവ് ചെയ്ത്)	146000/-
അധികം നൽകിയ തുക	22607 /-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/10.09.2021) നൽകിയ മറുപടിയിൽ ടി തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-30 ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതും ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കി 2020-21 വർഷം സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി 2016-ലെ ഡി.എസ്.ആർ. അനുസരിച്ചാണ്. നികുതി റിക്കവറികൾ ക്രമീകരിക്കുന്നതിനുദ്ദേശിച്ചാണ് ഓവർഹെഡ്ചാർജ് അനുവദിക്കുന്നത്. പ്രവൃത്തികളുടെ വേലമൂല്യത്തിൽനിന്നും 2% ആദായനികുതിയും 1% ക്ഷേമനിധിവിഹിതവും കുറവുചെയ്തതിനുശേഷമുള്ള തുക കൺവീനർമാർക്ക് അനുവദിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.11.14ലെ 1/1559/ 2010/ സി.ഇ. നമ്പർ സർക്കുലറനുസരിച്ച് ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽതുകയോ, ഇതിൽ ഏതാണോ കുറവ് ആയതിനുമാത്രമേ സമിതിക്ക് അർഹതയുള്ളൂ. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ 3% ഓവർഹെഡ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. വേലമൂല്യത്തിൽനിന്നും ബാക്കി 4.5% കണക്കാക്കി കുറവുചെയ്യാതെ കൺവീനർമാർക്ക് ബിൽതുക അനുവദിച്ചതുവഴി വിവിധ

പ്രവൃത്തികളിലായി ഈയിനത്തിൽ 89830/- രൂപ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	പ്രോജക്ട് നം.	പേര്	കൺവീനർ	എം ബുക്ക് നം .	വേലമൂല്യം	4.5% നിരക്കിൽ അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ്	ബിൽ നം./ തീയതി
1	233/21	വിവിധ അങ്കണവാടി കളുടെ പുനരുദ്ധാരണം	ശ്രീമതി. കുഞ്ഞുമോൾ വി കെ	63/19-20,63A, 63B	884455	39801	72/30.01.21,
2	241/21	മുളക്കുളം യു.പി.എസ് പുനരുദ്ധാരണം	ശ്രീമതി. കെ പി മോളി	87/19-20	285986	12870	2484191/ 24.02.21 & 68/21.01.21
3	242/21	കീഴൂർ എൽ.പി.എസ് പുനരുദ്ധാരണം	ശ്രീമതി. ഗീതമ്മ	64/19-20	96518	4343	16/13.05.20
4	243/21	പെരുവ ഗവ.എൽ.പി.എസ്. പുനരുദ്ധാരണം	ശ്രീമതി. പി റ്റി സരളമ്മ	65/19-20	65567.93	2951	21/15.05.20
5	245/21	മുളക്കുളം യു.പി.എസ്. ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം	ശ്രീമതി. കെ പി മോളി	67/19-20	238850	10748	103/30.03.21
6	113/21	കാളാരിപ്പടി-ചളുവേലി റോഡ് കോൺക്രീറ്റിംഗ്	ശ്രീ ബിജു പനന്താനത്ത്	20/20-21	34529.67	1554	117/30.03.21
7	253/21	ആമീക്കാട്ടുപടി-ഉള്ളാട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	ശ്രീ. ശശി അമിക്കാട്ട്	85/19-20	44488	2002	113/30.03.21
8	190/21	ആപ്പാഞ്ചിറ എച്ച്.ഡബ്ലിയു. എൽ.പി.എസ്. പുനരുദ്ധാരണം	ശ്രീമതി. ജെസ്സി ജെയിംസ്	62/19-20	345795	15561	10/12.04.20
						89830	

ധനകാര്യ (ഇൻസ്&പി.ഡബ്ല്യു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ല്യു.ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 16.03.2018ലെ ഡിബി.3.9058/17/സി.ഇ.തസ്വഭവ നമ്പർ കത്ത് പ്രകാരം വാറ്റിന് പകരമായി ജി.എസ്.ടി. നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി ഒടുക്കേണ്ടതില്ലെന്നും ടി സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. .

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/10.09.2021) നൽകിയ മറുപടിയിൽ ടി തുക കൺവീനർമാരിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൺവീനർമാരിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ക്രമ നം .	പ്രൊജക്റ്റ് നം.	പദ്ധതി	ബിൽ നം / തീയതി	തുക
1	15/2021	എസ് എസ് എ - വിഹിതം നൽകൽ	01 / 12.01.21	350000 /-
1	198/2021	എസ് എസ് എ - വിഹിതം നൽകൽ	02/ 12.01.21	150000 /-

ഹെഡ്മിസ്ട്രസ്സ് ഗവ. യു പി എസ് , മുളക്കുളം 2020-21 വർഷം നടപ്പാക്കിയ പദ്ധതി പ്രകാരം ടി തുക ജില്ലാ പ്രൊജക്റ്റ് ഓഫീസർ കോട്ടയം -ന് 12/01/21 ൽ കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ടി തുക യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-32 ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.2019-20,2020-21വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതുംഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	പ്രോജക്ക് നം. / പേര്	ലഭിച്ച ടെൻഡറുകൾ	ടെൻഡർ ഫീസ്	ആകെ ടെൻഡർ ഫീസ്
1	202/21-മെറ്റീരിയൽ കളക്ഷൻ സെന്റർ -എക്സ്റ്റൻഷൻ	2	1107	2214
2	309/20 -മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ -നിർമ്മാണം	2	1071	2142
3	48/19- ചളുവേലി -ആര്യാപ്പിള്ളി റോഡ് കോൺക്രീറ്റിംഗ്	2	1005	2010
4	125/19- ഫ്രണ്ട് ഓഫിസിനു സമീപം ഫീഡിങ് റൂം നിർമ്മാണം	2	893	1786
5	127/19 -ഹരിതകേരളം സുജലം പ്രൊജക്റ്റ് -തോടുകളും കുളങ്ങളും -നീരൊഴുക്ക് സുഗമമാക്കൽ	2	893	1786

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിനാൽ 2019-20 , 2020-21വർഷം ഇ-ടെൻഡർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-33 സാക്ഷരതാ കേന്ദ്രങ്ങളുടെ പരീക്ഷ ഫീസ് അടവാക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

ക്രമ നം .	പ്രൊജക്റ്റ് നം.	പദ്ധതി	ബിൽ നം / തീയതി	തുക

1	199/2021	സാക്ഷരതാ കേന്ദ്രങ്ങളുടെ പരീക്ഷ ഫീസ് അടവാക്കൽ	2484194/ 25.02.21	33700 /-

ഹെഡ്മിസ്ട്രസ്സ് ഗവ. യു പി എസ് , മുളക്കുളം 2020-21 വർഷം നടപ്പാക്കിയ പദ്ധതി പ്രകാരം പത്താം ക്ളാസ് തുല്യത പരീക്ഷ , ഹയർ സെക്കണ്ടറി തുല്യത പരീക്ഷ എന്നിവയ്ക്കായി സാക്ഷരതാ പ്രേരക്ക് നൽകിയ ലിസ്റ്റിൽ ഉള്ള പഠിതാക്കളുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ടി പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ച് പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചത് സാധൂകരിക്കുന്ന ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.02/07.09.2021) നൽകിയിരുന്നുവെങ്കിലും ടി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല . ടി രേഖകൾ ലഭ്യമാക്കാത്തതിനാൽ 33700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെൻഡർ വ്യതിയാനം-ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല

പ്രൊജക്റ്റ് നമ്പർ -SO 84/21 – ചളുവേലി ആര്യപ്പള്ളി റോഡ് സൈഡ് കെട്ട്, ഐറിഷ് ഡ്രെയിൻ നിർമ്മാണം

എം ബുക്ക് നം : 29/2021

ബിൽ നം . 75/30.01.2021 (മെ . ഗ്രാന്റ് -റോഡ്)

ടി പ്രവൃത്തി എസ്റ്റിമേറ്റിലും 13.02 % കുറഞ്ഞ നിരക്കിൽ ചെയ്യുന്നതിനാണ് കരാർ എടുത്തിരുന്ന കരാറുകാരനായ കെ കെ ശ്രീധരൻ നായർ ടെൻഡർ നൽകിയിരുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെൻഡർ കുറവ് ബില്ലിൽ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ താഴെ ചേർക്കുന്ന തുക അധികം നൽകിയതായി കാണുന്നു.

ആകെ പ്രവൃത്തി മൂല്യം	156131.12
കരാറുകാരന് നൽകിയത് (ടെൻഡർ ബിലോ കുറയ്ക്കാതെ)	168607 /-
കരാറുകാരന് അർഹമായ തുക (13.02 % ടെൻഡർ ബിലോ കുറവ് ചെയ്ത്)	146000/-
അധികം നൽകിയ തുക	22607 /-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/10.09.2021) നൽകിയ മറുപടിയിൽ ടി തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3-2 ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതും ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കി 2020-21 വർഷം സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി 2016-ലെ ഡി.എസ്.ആർ. അനുസരിച്ചാണ്. നികുതി റിക്കവറികൾ ക്രമീകരിക്കുന്നതിനുദ്ദേശിച്ചാണ് ഓവർഹെഡ്ചാർജ് അനുവദിക്കുന്നത്. പ്രവൃത്തികളുടെ വേലമൂല്യത്തിൽനിന്നും 2% ആദായനികുതിയും 1% ക്ഷേമനിധിവിഹിതവും കുറവുചെയ്തതിനുശേഷമുള്ള തുക കൺവീനർമാർക്ക് അനുവദിക്കുകയും ചെയ്യു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.11.14ലെ 1/1559/ 2010/സി.ഇ. നമ്പർ സർക്കുലറനുസരിച്ച് ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽതുകയോ, ഇതിൽ ഏതാണോ കുറവ് ആയതിനുമാത്രമേ സമിതിക്ക് അർഹതയുള്ളൂ. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ 3% ഓവർഹെഡ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. വേലമൂല്യത്തിൽനിന്നും ബാക്കി 4.5% കണക്കാക്കി കുറവുചെയ്യാതെ കൺവീനർമാർക്ക് ബിൽതുക അനുവദിച്ചതുവഴി വിവിധ പ്രവൃത്തികളിലായി ഈയിനത്തിൽ 89830/- രൂപ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	പ്രോജക്ട് നം.	പേര്	കൺവീനർ	എം ബുക്ക് നം .	വേലമൂല്യം	4.5% നിരക്കിൽ അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ്	ബിൽ നം./ തീയതി
1	233/21	വിവിധ അങ്കണവാടി കളുടെ പുനരുദ്ധാരണം	ശ്രീമതി. കുഞ്ഞുമോൾ വി കെ	63/19-20,63A, 63B	884455	39801	72/30.01.21,
2	241/21	മുളക്കുളം യു.പി.എസ് പുനരുദ്ധാരണം	ശ്രീമതി. കെ പി മോളി	87/19-20	285986	12870	2484191/ 24.02.21 & 68/21.01.21
3	242/21	കീഴൂർ എൽ.പി.എസ് പുനരുദ്ധാരണം	ശ്രീമതി. ഗീതമ്മ	64/19-20	96518	4343	16/13.05.20
4	243/21	പെരുവ ഗവ.എൽ.പി.എസ്. പുനരുദ്ധാരണം	ശ്രീമതി. പി റ്റി സരളമ്മ	65/19-20	65567.93	2951	21/15.05.20
5	245/21	മുളക്കുളം യു.പി.എസ്. ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം	ശ്രീമതി. കെ പി മോളി	67/19-20	238850	10748	103/30.03.21
6	113/21	കാളാരിപ്പടി-ചളുവേലി റോഡ് കോൺക്രീറ്റിംഗ്	ശ്രീ ബിജു പനന്താനത്ത്	20/20-21	34529.67	1554	117/30.03.21
7	253/21	ആമീക്കാട്ടുപടി-ഉള്ളാട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	ശ്രീ. ശശി അമിക്കാട്ട്	85/19-20	44488	2002	113/30.03.21
8	190/21	ആപ്പാഞ്ചിറ എച്ച്.ഡബ്ലിയു. എൽ.പി.എസ്. പുനരുദ്ധാരണം	ശ്രീമതി. ജെസ്സി ജെയിംസ്	62/19-20	345795	15561	10/12.04.20
						89830	

ധനകാര്യ (ഇൻസ്&പി.ഡബ്ല്യു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ല്യു.ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 16.03.2018ലെ ഡിബി.3.9058/17/സി.ഇ.തസ്വഭവ നമ്പർ കത്ത് പ്രകാരം വാറ്റിന് പകരമായി ജി.എസ്.ടി. നിലവിൽ വന്നതിനാൽ VAT ന്റെ 5%

നികുതി ഒടുക്കേണ്ടതില്ലെന്നും ടി സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. .

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/10.09.2021) നൽകിയ മറുപടിയിൽ ടി തുക കൺവീനർമാരിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൺവീനർമാരിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2020-21	6.9.21, 7.9.21

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ചതുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ജില്ലാ പഞ്ചായത്ത്	05.05.20	200000	പാലിന് സബ്സിഡി	200000	0
”	09.02.21	300000	സ്കോളർഷിപ്പ്	300000	0
ബ്ളോക്ക് പഞ്ചായത്ത്	07.09.20	545000	ലൈഫ് ഭവനപദ്ധതി എസ്.സി.പി	545000	0
”	29.01.21	300000	Scholarship For Disabled	300000	0
”	24.03.21	153563	നെൽകൃഷിക്ക് കൂലിച്ചെലവ്	153563	0
”	29.03.21	114780	വീട്ട് വളപ്പിലെ മൽസ്യകൃഷി	114780	0
”	29.03.21	48142	മൽസ്യകൃഷി എസ്.സി.പി	48142	0
”	29.03.21	60830	ബയോഫ്ളോക്ക്	60830	0

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക	ബിൽ നമ്പർ/ തീയതി
കേരള വാട്ടർ അതോറിറ്റി	വാർഡ്-5 ൽ വാട്ടർ കണക്ഷൻ	21000	◦	21000	22/20-21/14.01.2021

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018	7734118/-	0/-	878118/-	-	6856000/-

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	72713944
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	72028799
വരവിനങ്ങളിലുള്ള നഷ്ടം	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	112437
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1297175

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		22607	ശ്രീമതി.മീഡിയറാണി എ‌ഇ, എൽഎസ്ജിഡി,

			മുളക്കുളം
3-2		89830	ശ്രീമതി.മീഡിയറാണി എ ഇ, എൽഎസ്ജിഡി, മുളക്കുളം
ആകെ		112437	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	48975	ശ്രീ. മാത്യൂ ഡാനിയേൽ, സെക്രട്ടറി
1-22	205000	ശ്രീ.പിൻഷാദ് പി വൈ, വി ഇ ഒ
1-24	9500	ശ്രീമതി.രതി നായർ, സെക്രട്ടറി
1-26	500000	ശ്രീമതി.രതി നായർ, സെക്രട്ടറി
1-31	500000	ശ്രീമതി.രമാദേവി എൻ ടി, ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മുളക്കുളം
1-33	33700	ശ്രീമതി.രതി നായർ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേര്, ഉദ്യോഗപ്പേര്	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.മീഡിയ റാണി, AE, LSGD	AE, LSGD മുളക്കുളം ഗ്രാമ പഞ്ചായത്ത്	മടത്താട്ട് (H) പെരുവ പി.ഒ കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
പ്ലാൻ 00-01,01-02	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(1)/ 2018/09.01.18
2003-04	എൽ.എഫ്.കെ.പി5/325/15/11.05.15

2004-05	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(3)/ 2018/09.01.18
2006-07	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(4)/ 2018/09.01.18
2007-08	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(5)/ 2018/09.01.18
2009-10&2010-11	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(6)/ 2018/09.01.18
2011-12	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(7)/ 2018/09.01.18
2012-13 & 2013-14	കെ.എസ്.എ കെ.ടി.എം പി 9 -1075/15/ 07.09.15
2014-15	കെ.എസ്.എ കെ.ടി.എം പി 9 -1329/16/ 07.10.16
2015-16	കെ.എസ്.എ.കെ.ടി.എം.പി8-1012/2017/ 20.06.17
2016-17	കെ.എസ്.എ.കെ.ടി.എം.പി8-816/2017/ 23.05.18
2017-18	കെ.എസ്.എ.കെ.ടി.എം.പി8-2163/18/11.12.2018
2018-19	കെ.എസ്.എ.കെ.ടി.എം.പി8-/1381/19/02.11.19

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്